വാല്യം 25 ജനുവരി 2018

# അഗപെ കയ്യെഴുത്തു മാസിക




follow us:

+971 50 3243161 agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി

1, മുഖവുര 03

2, മനസ്സ് ഒരുക്കുക 06

ബ്രദർ :സാജു ജോൺ മാത്യു

3, നല്ല ശമര്യക്കാരി 10

ബെന്നി ജോർജ്ജ് മണലി

4, മടങ്ങിപ്പോക്ക് 17

ബ്രദർ :നൈനാൻ തോമസ്

5, സമൂല സുവിശേഷ പ്രചാരകൻ - മിഷനറി ചരിത്രം 23

ഹഡ്സൺ ടെയ്‌ലർ

6, വീണ്ടെടുപ്പ് 29

ഷിബു ഡാനിയേൽ

7, പഴയ പാട്ടുകൾ 37

കൊച്ചുകുഞ്ഞു ഉപദേശി

8, ചോദ്യാവലി 40

പുതിയനിയമ യിസ്രായേലായ നമ്മോടു ദൈവത്തിനു പറയുവാനുള്ളത് ഇത്രമാത്രം **"വിശുദ്ധിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പ്രാണൻ വെടിയേണ്ടി വന്നാലും എതിർത്തു നിൽക്കേണം".** നാം ശത്രുവിനു പുറം കാട്ടിയ ശേഷം പിന്നെ എന്തിനു ജീവിച്ചിരിക്കുന്നു...




# മുഖവുര

എബ്രായർ 12:4. 'പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല.'

പാപം പ്രലോഭനവുമായി, ആഗ്രഹവുമായി അടുക്കുമ്പോൾ ഒരതിരു വരെ എതിർത്ത് നിൽക്കാം. ഒരു വരെയാണ് പാപവും ഞാനും തമ്മിലുള്ള അതിർവരമ്പ്. എപ്പോൾ എനിക്ക് ആ അതിർ കടന്നു പോകാം.

അശ്രദ്ധയോടെയുള്ള ഓരോ നിമിഷവും പാപത്തിൽ അകപ്പെടുവാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതാണ്. വളരെ കരുതലോടെയല്ല ചുവടുകളെ പെറുക്കി വയ്ക്കുന്നതെങ്കിൽ അപ്രസക്തങ്ങളിലും ആകും കാര്യങ്ങൾ... നമ്മുടെ വീഴ്ചകൾ ഒരു പക്ഷേ ദൈവം ക്ഷമിച്ചു തന്നതായിരിക്കാം. [ആർക്കറിയാം] എങ്കിലും നാം നഷ്ടമാക്കുന്ന ക്രിസ്തുവിലെ സന്തോഷവും സുവിശേഷീകരണത്തിലെ സാധ്യതകളുമാണ്. മനുഷ്യരോടും ദൈവത്തോടും നിരപ്പു പ്രാപിക്കുവാനുള്ള കാലതാമസം നമ്മുടെ സാധ്യതകൾക്ക് കോട്ടം സംഭവിപ്പിക്കുന്നതാണ്.

പലപ്പോഴും പാപത്തോടുള്ള പോരാട്ടങ്ങൾ പാതിവഴിയിൽ നാം ഉപേക്ഷിക്കുന്നു. ബലഹീനതയിൽ ദൈവം തുണ നിന്നില്ലായെന്നു നാം പരാതിപ്പെടുന്നു. എന്നാൽ ദൈവത്തിന്റെ എന്നിലുള്ള അഭിലാഷം പാപത്തോടുള്ള യുദ്ധത്തിൽ പ്രാണനെ ഉപേക്ഷിക്കേണ്ടി വന്നാലും അതിനു വഴങ്ങാത്തവരാകണം എന്നാണ്.



യോശുവ യുദ്ധത്തിൽ പരാജയപ്പെട്ട യിസ്രായേലിനെ നോക്കി വിലപിക്കുന്നതു ഇപ്രകാരം 'യഹോവേ, യിസ്രായേൽ ശത്രുക്കൾക്കു പുറം കാട്ടിയ ശേഷം ഞാൻ എന്തു പറയേണ്ടു' [യോശുവ 7:8] യിസ്രായേൽ യുദ്ധത്തിൽ


പിൻ തിരിഞ്ഞോടി. ശത്രുവിനു പുറം കാട്ടു മറാക്കി. ഒരു ക്രിസ്തു വിശ്വാസിക്ക് അതു സംഭവിപ്പാൻ പാടുള്ളതല്ല. പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം.

നൻമയുടെ അവസാന കണികയും നഷ്ടമാക്കിയ കയിനോട് ദൈവത്തിന്റെ ഇടപെടൽ ഉപകാരമായിരുന്നു. 'നൻമയുടെ അംശം നിന്നിൽ നിന്നു മാറിപ്പോയതിനാൽ പാപം നിന്റെ വാതിൽക്കൽ കൊതിയോടെ കിടക്കുന്നു. നിന്നെ കീഴ്പ്പെടുത്തുവാനായി അവൻ തക്കം പാർക്കുന്നു.'

പാപവുമായി സന്ധി ചെയ്യുവാനോ അവന്റെ അതിർത്തിയിൽ നിന്ന് സല്ലപിക്കുവാനോ പാടില്ല. കൊതിയോടെ, പാപം നമ്മെ ആഗ്രഹിക്കുന്നതുപോലെ നാമും നോക്കി നിന്നാൽ ഒടുക്കം അവൻ നമ്മെ കീഴ്പ്പെടുത്തും. എന്നാൽ ദൈവം നമ്മിൽ കൂടെ ആഗ്രഹിക്കുന്നത് തോറ്റു പിൻമാറുവാൻ അല്ല, അവനോടു എതിർത്തു കീഴ്പ്പെടുത്തുവാനാണ്.

നമ്മുടെ പ്രാർത്ഥന ഇതാകട്ടെ, 'പാപം ചെയ്യുന്നതിലും അധികം ഞാൻ ഇഷ്ടപ്പെടുന്നത് എന്റെ മരണമാണ്.' പുതിയ വർഷം ദൈവം അങ്ങനെ ചെയ്യുവാൻ നമ്മെ സഹായിക്കട്ടെ!

പുതിയ നിയമ യിസ്രായേലായ നമ്മോടു ദൈവത്തിന് പറയുവാനുള്ളത് ഇതത്രേ; 'വിശ്വസിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ പ്രാണൻ വെടിയേണ്ടി വന്നാലും എതിർത്തു നില്ക്കേണം.' നാം ശത്രുവിനു പുറം കാട്ടിയ ശേഷം പിന്നെ എന്തിനു ജീവിച്ചിരിക്കുന്നു.



# മനസ്സ് ഒരുക്കുക

ബ്രദർ :സാജു ജോൺ മാത്യു

**ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.**

(വാക്യം 2)

എല്ലാ ദിവസവും തന്റെ വാച്ച് കടയുടെ മുൻപിൽ എത്തി കടയിലെ പ്രധാന ക്ലോക്കിന്റെ സമയമനുസരിച്ച് തന്റെ വാച്ചിന്റെ സമയം ക്രമീകരിക്കുന്ന ഒരുവനെ കടയുടമ സ്ഥിരമായി ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഒരു ദിവസം ആ വ്യക്തിയോട് അതിനെപ്പറ്റി ചോദിച്ചറിയുവാൻ താൻ തീരുമാനിച്ചു. അത് അദ്ദേഹത്തോട് ചോദിച്ചപ്പോൾ തനിക്ക് കിട്ടിയ മറുപടി ഈ പ്രകാരമായിരുന്നു. ഈ പട്ടണത്തിലെ സൈറൺ മുഴക്കുന്ന ജോലി എന്റേതാണ്. അതിനാൽ ഞാൻ എല്ലാ ദിവസവും താങ്കളുടെ കടയിലെ പ്രധാന ക്ലോക്കിന്റെ സമയമനുസരിച്ച് എന്റെ വാച്ച് ക്രമീകരിക്കുകയും അതിനനുസരിച്ച് സൈറൺ മുഴക്കുകയുമാണ് ചെയ്യുന്നത്.

കടയുടമ ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. ഞാൻ എന്റെ ക്ലോക്ക് ക്രമീകരിക്കുന്നത് താങ്കൾ മുഴക്കുന്ന സൈറന്റെ സമയമനുസരിച്ചാണ്.

ഒരിക്കലും ഏതെങ്കിലും ഒരു ക്ലോക്കിനെ അനുകരിച്ച് സമയം ക്രമീകരിക്കുവാൻ കഴിയുകയില്ല. പകരം ലോക നിലവാരത്തിലുള്ള സമയമാണ് നാം ക്രമീകരിക്കുന്നത്. അപ്രകാരം തന്നെ നമ്മുടെ മനസ്സിനെ ശരിയായ വിധത്തിൽ ക്രമീകരിക്കുകയല്ലേ ചെയ്യേണ്ടത്.

നാം ഈ ലോകത്തിനുള്ളവരല്ല. പ്രത്യുത ക്രിസ്തുവിനുള്ളവരാണ്. [കൊലൊ. 3:1]. നാം ക്രമീകരിക്കപ്പെടേണ്ടത് സ്വർഗ്ഗീയ നിലവാരം അനുസരിച്ചായിരിക്കേണം. ലോക മനുഷ്യർ പറയുന്നതുപോലെ, ഇത് സാധാരണമാണ്, എല്ലാവരും ചെയ്യുന്നതാണ്, എല്ലാവരും ഇങ്ങനെ ആയിരിക്കും; അങ്ങനെ അതിൽ തെറ്റായി ഒന്നും ഇല്ല എന്നിങ്ങനെ ലോക നിലവാരത്തിൽ ചിന്തിക്കാനുള്ളവരല്ല നാം.

യേശു കർത്താവ് പ്രവർത്തിച്ചതിനനുസരിച്ച് മാത്രമേ നമുക്കും പ്രവർത്തിക്കുവാൻ കഴിയുള്ളൂ. യേശു എന്താണ് ചെയ്തതെന്ന് എല്ലാ വേളയിലും നാം ചോദിക്കേണ്ടതുണ്ട്.

എല്ലായ്പ്പോഴും ശുദ്ധതയുള്ളവരായിരുന്ന് പ്രവർത്തിപ്പാനാണ് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നത്. യേശുവിലൂടെ അല്ലാത്ത ചിന്തകളും പ്രവർത്തിയും അല്ല നമ്മിൽ ഉണ്ടാകേണ്ടത്. ലോക ചിന്തകൾ നമ്മുടെ മനസ്സിലേക്ക് വരുമ്പോൾ അതിനോട് പ്രതികരിക്കാതിരിക്കുകയാണ് നാം ചെയ്യേണ്ടത്. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. [കൊലൊ. 3:3] മരിച്ച മനുഷ്യൻ ഒരിക്കലും ഒന്നിനോടും പ്രതികരിക്കുന്നില്ല. ലൗകികമായ പ്രലോഭനങ്ങൾ, സ്വാർത്ഥതയില്ലാത്ത സന്തോഷം, ക്രമാതീതമായ ബഹുമാനം, ഇവ ലഭിക്കുമ്പോൾ എഴുന്നേറ്റ് അവയെ സ്വീകരിക്കുകയല്ല വേണ്ടത്, അതിനെ വിലകെട്ടതായി മാത്രം കാണാതെ അതിനോട് അനിഷ്ടം ആയിരിക്കേണം തോന്നേണ്ടത്.

അത് ഒരു സ്വഭാവിക ഭോഷ്കമാണ്. യേശുവും സ്വർഗ്ഗവും സന്തോഷിക്കുന്ന കാര്യങ്ങൾ പ്രവർത്തിപ്പാൻ തയ്യാറാകുക. ഹൃദയം സന്തോഷം കൊണ്ട് നിറ-യുകയും സ്വർഗ്ഗീയമായ കാര്യങ്ങളാൽ മനസ്സ് നിറയുകയും ചെയ്യട്ടെ.

പ്രാർത്ഥന:

കർത്താവേ, ഞാൻ ഈ ലോകത്തിലെ നശ്വരമായ നേട്ടങ്ങളെയല്ല നോക്കുന്നത്. സ്വർഗ്ഗീയ യോഗ്യതക്കനുസരിച്ച് ഈ ഭൂമിയിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടവനാണ് ഞാൻ. എന്റെ മനസ്സ് സ്വർഗ്ഗീയമായ കാര്യങ്ങൾ കൊണ്ട് നിറയുവാൻ സഹായിക്കേണമേ. ആമേൻ.







# നല്ല ശമര്യക്കാരി

ബ്രദർ. ബെന്നി ജോർജ്ജ് മണലി

നാം ഇന്ന് ജീവിക്കുന്നത് ഒരു ചെറിയ ലോകത്തിലാണ്. ആശയവിനിമയരംഗത്തുണ്ടായ വൻ കുതിച്ചുകയറ്റം ഈ ഭൂമിയെ വളരെ ചെറുതാക്കിയിരിക്കുന്നു. ഈ ഭൂഗോളം ഒരു ചെറിയ ഗ്രാമത്തിനു തുല്യമായിരിക്കുന്നു. ആധുനിക യന്ത്രങ്ങളും തന്ത്രങ്ങളും അതിനു നമ്മെ സഹായിക്കുന്നു. ഈ വാർത്താവിനിമയരംഗത്തുണ്ടായ കുതിച്ചുകയറ്റത്തിന്റെ ഒരു ഉൽപന്നമായ സോഷ്യൽ മീഡിയായിൽ നാം മണിക്കൂറുകൾ ചിലവഴിക്കുന്നു. ദൈവിക സുവിശേഷ പ്രസംഗങ്ങൾ പോലും ഇന്ന് നവമാധ്യമങ്ങളിൽകൂടെ ____ ലൈവ് സംപ്രേഷണം നടക്കുന്നു. കമ്മ്യൂണിക്കേഷന്റെ ഈ കുതിച്ചുകയറ്റം അല്ലെങ്കിൽ അതിപ്രസരണം നമ്മെ ദൈവത്തോടു അടുപ്പിക്കുകയാണോ അതോ അകറ്റുകയാണോ? ദൈവത്തോട് നാം എത്ര നേരം സംസാരിക്കുന്നു. നവമാധ്യമങ്ങളിലൂടെ നമ്മുടെ സുഹൃത്തുക്കളുമായി എത്ര നേരം സംസാരിക്കുന്നു. സംവദിക്കുന്നു. ദൈവത്തെക്കാളുപരി നാം കൂടുതൽ സംസാരിക്കുന്നത് സുഹൃത്തുക്കളുമായിട്ടാവും. നവമാധ്യമങ്ങൾ ഒരു പരിധി വരെ കുടുംബവുമായുള്ള നല്ല സമയം തട്ടിക്കവരുന്നു; എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

വിശുദ്ധ തിരുവെഴുത്ത് ഇതുപോലെ ഒരു ദീർഘമായ ഒരു സംഭാഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഒരു പക്ഷേ സൃഷ്ടാവായ ദൈവം തന്റെ സൃഷ്ടിയോട്, ഒരു വ്യക്തിയോട് ഇത്ര ദീർഘമായി സംസാരിക്കുന്നത് വേറെ രേഖപ്പെടുത്തിയിട്ടുണ്ടാവില്ല.

യോഹന്നാൻ എഴുതിയ സുവിശേഷം 4-ാം അദ്ധ്യായം
ഒന്നു മുതൽ നാൽപത്തിരണ്ടു വരെയുള്ള വാക്യങ്ങൾ,
ഇതാണ് സൂചിപ്പിക്കുന്നത്. യേശു തന്റെ പരസ്യ ശുശ്രൂഷ
കാലത്ത് ഏറ്റവും കൂടുതൽ ഇടപഴകിയത് സമൂഹത്തി-
ലെ താഴെക്കിടയിൽപ്പെട്ടവരുമായിട്ടായിരുന്നു. രോഗികൾ,
ദരിദ്രർ, പാപികൾ, വേശ്യകൾ, വിധവമാർ, ഉപേക്ഷി
ക്കപ്പെട്ടവർ, ചുങ്കക്കാർ, അന്ധർ, മുടന്തർ തുടങ്ങിയവർ,
അവരൊക്കെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട
സമൂഹമായിരുന്നു. മുഖ്യധാരയിൽ നിന്നും ഒരുപക്ഷെ
യേശുവിനെ മിശിഹാ അല്ലെങ്കിൽ രാജാവായി അംഗീകരിക്കാൻ
യഹൂദാ സമുദായത്തിന് കഴിയാതെ പോയത്, അവരുടെ
ചിന്തകൾക്കതീതമായിരുന്നു യേശു എന്ന രക്ഷകന്റെ ഹൃദയവും
പ്രവൃത്തികളും. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായത്തി
ൽ പ്രതിപാദിക്കുന്നത് ഇതുപോലെ സമൂഹത്തിന്റെ
അടിത്തട്ടിൽ നിന്നുള്ള ഒരു സ്ത്രീയെക്കുറിച്ചാണ്. അതിലുപ
രി ഒരു ശമരിയാക്കാരിയും.

യഹൂദർ എന്നും വെറുക്കുന്ന ജാതിയാണ്
________ ശമരിയാക്കാർ. അവർ സ്വന്തം ജനം തന്നെയാണെ
ങ്കിലും വിഗ്രഹാരാധനയും, വിഗ്രഹാരാധനയുള്ളവരുമായി
ഇടകലർന്ന ഒരു സങ്കര സമൂഹം. ക്രിസ്തുവിനു മുൻപ്
722 വർഷങ്ങൾക്കപ്പുറം അസീറിയൻസ് യിസ്രായേലിനെ
കീഴ്പ്പെടുത്തി അവിടെ ജാതീയ സമൂഹങ്ങളെ അധിവസി
പ്പിച്ചപ്പോൾ അവരോടൊപ്പം വിഗ്രഹങ്ങളെ സേവിക്കുവാനും
ഇടകലർന്ന് സങ്കരമായതിനാലും യഹൂദർ എന്നും
ശമരിയാക്കാരെ വെറുത്തിരുന്നു. അവരുമായി ഒരു ബന്ധ-
വും പുലർത്തിയിരുന്നില്ല. സ്വന്തം സഹോദരങ്ങളാണെങ്കി
ലും യഹൂദർ ഒരിക്കലും ശമര്യയിൽക്കൂടി ഒന്നു
പോലും പോകില്ലായിരുന്നു.

രണ്ടാമതായി, യേശു ദീർഘമായി സംവാദിച്ച ഒരു സ്ത്രീ ഒരു വേശ്യയായി കരുതപ്പെടുന്നു. എന്നാൽ നാമെല്ലാം ശമര്യക്കാരിയെന്നും വേശ്യയെന്നും എഴുതി തള്ളിയ ആ സ്ത്രീ അനേകം നന്മകളുടെ ഒരു വിളനിലമായിരുന്നു. അതുകൊണ്ടാവാം യേശു അവളെ യാക്കോബിന്റെ കിണറിന്റെ അരികെ പരീക്ഷിച്ചതും സംവാദിച്ചതും അവളെ രൂപാന്തരപ്പെടുത്തിയതും.

'അവളുടെ ആ നന്മകളിലൂടെ ഒരു എത്തിനോട്ടം'

ഒന്നാമത് ഒരു വഴിപോക്കനായാണ് യേശു അവളോട് ജലത്തിനായി ആവശ്യപ്പെട്ടതെങ്കിലും അടുത്തുവന്ന ശമര്യ സ്ത്രീ സഹനമായി വീക്ഷിച്ചിരുന്നു. യേശുവിന്റെ വേഷഭൂഷാദികളിൽ നിന്നും അവൻ യഹൂദനാണെന്ന് തിരിച്ചറിഞ്ഞു.

യേശുവുമായുള്ള സംഭാഷണം പുരോഗമിക്കുമ്പോൾ അവൻ സാധാരണ യഹൂദനല്ല എന്നു മനസ്സിലാകുന്നു. യേശുവിനെ 'നീ' എന്നതിനു പകരം 'യജമാനൻ' എന്നു സംബോധന ചെയ്യുന്നു.

താൻ നിൽക്കുന്ന സ്ഥലത്തിന്റെയും കിണറിന്റെയും പിതാക്കന്മാരുടെ പാരമ്പര്യത്തെയും കുറിച്ച് ആഴമേറിയ ജ്ഞാനമുള്ള സ്ത്രീ.

യേശു സംസാരിക്കുന്ന മർമ്മങ്ങളോട് പ്രതികരിക്കുകയും അവളുടെ ജീവിതത്തിലെ രഹസ്യങ്ങളെ മനസ്സിലാക്കിയപ്പോൾ അവനെ പ്രവാചകനായി കാണുന്നു, പ്രഖ്യാപിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാരുടെ ആരാധന സ്ഥലം ഈ മല ആണെന്നും (ശമര്യക്കാരുടെ ആരാധനാസ്ഥലം) എന്നാൽ യഥാർത്ഥത്തിൽ ആരാധിക്കേണ്ടത് യരുശലേമിൽ ആണെന്നും ഉള്ള ശരിയായ അറിവും ജ്ഞാനവുമുള്ള—

സ്ത്രീയായിരുന്നു അവർ.

വേദഭാഗങ്ങളിലൂടെ അറിവ് അവളെ മശിഹായെ പ്രതീക്ഷിച്ചിരിക്കുവാൻ പ്രാപ്തയാക്കുന്നു. മശിഹായും ക്രിസ്തു രക്ഷകനാണെന്നും അവൾക്കറിയാമായിരുന്നു. തന്നെയുമല്ല ക്രിസ്തു വരുമ്പോൾ എല്ലാം നേരെയാക്കുമെന്നുള്ള ഉറപ്പും അവൾ പ്രാപിച്ചിരുന്നു.

ക്രിസ്തു തന്നെ അവൾക്ക് വെളിപ്പെടുത്തിയപ്പോൾ ഒട്ടും സംശയിക്കാതെ അവൾ വിശ്വസിച്ചു. തന്റെ ഉദ്യമം മറന്ന്, തന്റെ പ്രവൃത്തി മറന്ന്, വെള്ളം നിറക്കുവാൻ കൊണ്ടുവന്ന പാത്രം ഉപേക്ഷിച്ച് പട്ടണത്തി-ലേക്ക് പോയി ക്രിസ്തുവിനെ സാക്ഷിച്ചു. അതെ, അവൾ രക്ഷകനെ പ്രതീക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു.

താൻ അറിഞ്ഞ സത്യത്തെ മറ്റുള്ളവരോട് പറയുവാൻ വെമ്പൽ പൂണ്ട സ്ത്രീ. താൻ കണ്ട സത്യത്തെ തന്റെ ജാതികളോട്, ഗ്രാമവാസികളോട്, വിവരിച്ചു പറഞ്ഞു. അവൾ നിമിത്തം ആ ഗ്രാമം മുഴുവൻ യേശുവിൽ വിശ്വസിച്ചു. അതുപോലെ വ്യാസം ജനങ്ങളും യേശുവിനെ കാണുവാൻ അവന്റെ പക്കൽ എത്തി. ഞാൻ വിശ്വസിക്കുന്ന ഒരു പക്ഷേ ആ സ്ത്രീയാവണം ആ ജനക്കൂട്ടത്തെ നയിച്ചതും വഴികാട്ടിയതും.

യഹൂദരെ തൊട്ടുകൂടാനാവാത്ത ആ ഗ്രാമത്തിൽ, സമൂഹത്തിൽ യേശു അവരോടൊപ്പം താമസിച്ചു, അവരെ ഉപദേശിച്ചു. രക്ഷയിലേക്ക് നയിച്ചു. അവർ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. അതിന് മധ്യസ്ഥയായത് ഒരു ശമര്യക്കാരത്തി സ്ത്രീ. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട, തിരസ്കരിക്കപ്പെട്ട ഒരു സമൂഹം മുഴുവനും രക്ഷകനെ കണ്ടു, വിശ്വസിച്ചു, രക്ഷ പ്രാപിച്ചു.

വേദ പുസ്തകം രേഖപ്പെടുത്തിയിരിക്കുന്ന ആദ്യ സുവിശേഷിക ഒരു പക്ഷേ ഈ സ്ത്രീ ആയിരിക്കാം.

- ചരിത്രത്തെയും വംശത്തെയും കുറിച്ച് അറിവുള്ളവർ.
- പിതാക്കൻമാരെയും അവരുടെ ആരാധന സ്ഥലത്തെയും സമ്പ്രദായത്തെയും കുറിച്ച് അറിവുള്ളവർ.
- ക്രിസ്തുവിനെ പ്രതീക്ഷിച്ചിരുന്നവർ.
- ആരാധനയും യഥാർത്ഥ ആരാധനയും കുറിച്ച് ബോധ്യമുള്ളവർ.
- രക്ഷകൻ തങ്ങളെ വെറുക്കപ്പെടുന്ന സമൂഹത്തിൽ നിന്ന് ജനിക്കുമെന്നറിയാവുന്നവർ.
- വചനത്തെ കൈക്കൊണ്ടവർ.
- രക്ഷകനെ തിരിച്ചറിഞ്ഞവർ.
- താനറിഞ്ഞ രക്ഷകനെ തന്റെ സമൂഹത്തിന് പരിചയപ്പെടുത്തുവാൻ വെമ്പൽ കൊണ്ടവർ.
- ഒരു സമൂഹത്തോട് രക്ഷകനെക്കുറിച്ചുള്ള സുവിശേഷമറിയിച്ചവർ.

വേദപുസ്തകം അവളുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും രക്ഷിതാവിനെ കാണുവാനും ദീർഘമായി സംസാരിക്കുവാനും ഒരു ജനതയെ രക്ഷയിലേക്ക് നയിക്കുവാനും സാധിച്ച ഈ സ്ത്രീയെ

വാൽക്കഷ്ണം: ചില ചരിത്രകാരൻമാർ വിശ്വസിക്കുന്നത് ഈ സ്ത്രീ ഒരു വേശ്യയായിരുന്നില്ല എന്ന്. നിലവിലുള്ള സമൂഹ സ്ഥിതിയനുസരിച്ച് മരണപ്പെട്ട ഭർത്താവിന്റെ സഹോദരനെ ഭർത്താവായി സ്വീകരിക്കുകയും അവരൊന്നൊന്നായി മരണപ്പെട്ടപ്പോൾ അടുത്തയാളെ വിവാഹം ചെയ്തതുമാവാം.

രണ്ടാമതായി അവൾ ഒരു മച്ചിയായ സ്ത്രീ ആയതിനാൽ ഉപേക്ഷിക്കപ്പെട്ടതാവാം. [ആവർത്തന പുസ്തകം 25: 5-10]

അതെ അവൾ ഒരു നല്ല ധൈര്യകാരിയായിരുന്നു.

**"യേശുക്രിസ്തു ദൈവമാണെങ്കിൽ , എനിക്കുവേണ്ടി മരിച്ചു എങ്കിൽ കർത്താവിനുവേണ്ടി ഞാൻ സഹിക്കുന്ന ഏത് ത്യാഗവും അധികമായിരിക്കുകയില്ല "**

സി . റ്റി സ്റ്റഡ്

**ലോകത്തിൽ നമ്മുടെ ജീവിതം കൊണ്ട് മറ്റുള്ളവരെ നന്മയ്ക്കായി സ്വാധിനിക്കുവാൻ കഴിയുന്നതാണ് നമ്മുടെ ജീവിതത്തെ ധന്യമാക്കുന്നത് .Influence അതാണ് ഏറ്റവും വലിയ കാര്യം**

**സാജു ജോൺ മാത്യു**

**ലോകത്തിലുള്ള ഒരേയൊരു വ്യക്തി നിങ്ങൾ മാത്രമാണ് എന്ന നിലയിലാണ് അവൻ നിങ്ങളെ കാണുന്നത് . അവൻ നിങ്ങളെ സ്നേഹിച്ചു നിങ്ങൾക്കായി മരിച്ചു എന്നു ബൈബിൾ പറയുന്നു . മുഴുലോകത്തിലും നിങ്ങൾ ഒരാൾ മാത്രമെ ഉണ്ടായിരുന്നുള്ളു എങ്കിലും യേശു നിങ്ങൾക്കായി മരിക്കുമായിരുന്നു..**

**ബില്ലി ഗ്രഹാം**



യേശു കൂടെയില്ലായെന്നു മനസിലായപ്പോൾ അവർ ചെയ്ത ഏറ്റവും പ്രധാന കാര്യം മുൻപോട്ടുള്ള യാത്ര അവസാനിപ്പിച്ചു എന്നുള്ളതാണ്. 'യേശുവില്ലെങ്കിൽ പിന്നെയെന്തു മോക്ഷയാത്ര? പിന്നെയെന്തു ജീവിതം? തിരിച്ചറിവിൽ നിന്നും ഒരു തിരികെ പോക്ക്! യേശു നഷ്ട്ടപ്പെട്ടു എന്ന് തോന്നിയാൽ പിന്നെയും 'ഊഹിച്ചു' ഒത്തിരി പോകരുത്. പോകുന്തോറും യേശുവിൽ നിന്നുള്ള ദൂരം കൂടും!



# മടങ്ങിപ്പോക്ക്

ബ്രദർ :നൈനാൻ തോമസ്

വായനാഭാഗം :ലൂക്കോസ് 2: 41-51

അവന്റെ അമ്മയപ്പന്മാർ ആണ്ടുതോറും .... പതിവുപോലെ പെരുന്നാളിനു പോയി ... അമ്മയപ്പന്മാരോ അറിഞ്ഞില്ല ... ഊഹിച്ചിട്ടു ഒരു ദിവസത്തെ വഴി പോന്നു... ഗ്രഹിച്ചില്ല... ഹൃദയത്തിൽ സംഗ്രഹിച്ചു...

**ചിന്തയ്ക്ക്** ആധാരമായ സംഭവം ഒരു പെരുന്നാൾ ആണ്. പെരുന്നാൾ ഏവർക്കും സന്തോഷത്തിന്റേതാണ്. യാത്ര, കൂട്ടായ്മ, ബന്ധം പുതുക്കൽ, പാച്ചി, ചെണ്ടക്കാർ, മുത്തുക്കുട, Light works, Fire works... ഇവിടെ നമ്മൾ ചിന്തിക്കുന്ന പെരുന്നാൾ ആണ്ടുതോറും നടക്കുന്ന പെരുന്നാളാണ്. ആണ്ടിൽ ഒരിക്കലായി നടക്കുന്ന പെസഹാ പെരുന്നാൾ! എല്ലാ യിസ്രായേല്യരും പെസഹായുടെ ഓർമ്മകൾ പോലും ഒരു ആഘോഷമാണ്. അത് കൊണ്ടു തന്നെ പതിവുപോലെ, ആ വർഷവും പെരുന്നാൾ ഗംഭീരമായിരിക്കുവാനാണ് വഴി. കഴിഞ്ഞതിനെക്കാൾ മെച്ചപ്പെടുത്തുവാനാണ് സാധ്യതയും.

പെരുന്നാൾ കഴിഞ്ഞ വർഷത്തെക്കാൾ 'വിപുലമായിരുന്നിരിക്കാം അതെങ്കിലും! കഴിഞ്ഞ വർഷത്തെ തെറ്റുകൾ ശരിയാക്കി, മെച്ചമാക്കി നടത്തുക എന്നതിൽ തെറ്റൊന്നുമില്ല. മാത്രവുമല്ല മെച്ചമാക്കി നടത്തുകയും വേണം. കാരണം ആണ്ടു തോറും നടക്കേണ്ടതാണ്.

എന്നാൽ സംഭവിച്ച ദുഃഖകരമായ കാര്യം, പെരുന്നാളിന് ശേഷം, സന്തോഷിച്ച്, സംസാരിച്ച് മടങ്ങിപ്പോരുമ്പോൾ പലതും വാങ്ങിയെങ്കിലും, കയ്യിൽ ഉണ്ടായിരുന്ന അമൂല്യമായത് നഷ്ടപ്പെട്ടു. ബലൂണുകൾ, ഗംഭീര ഭക്ഷണങ്ങൾ, പലഹാരങ്ങൾ, വില കുറവിൽ വാങ്ങിക്കൂട്ടിയ "പെരുന്നാൾ ഉൽപന്നങ്ങൾ" ഇവയുടെ എല്ലാം ലഹരിയിൽ നഷ്ടപ്പെട്ട-

ത്തിയത് അമൂല്യമായ യേശുവിനെയാണ്. നഷ്ടപ്പെടു
ത്തിയത് വേറെയാരുമല്ല. മറിയവും യൗസേപ്പും. വെറും
ഗ്രാമീണ പെൺകുട്ടിയായിരുന്ന 'മറിയ' "രക്ഷകന്റെ
അമ്മ, ദൈവപുത്രന്റെ അമ്മ" ആയത് യേശു മൂലം മാത്രം!
വെറും തച്ചനായവൻ "നീതിമാനായ യൗസേപ്പ്" ആക്കി
തീർക്കപ്പെട്ടത് യേശുവിനോടുള്ള ബന്ധത്തിൽ അവൻ എടുത്ത
ഒരു തീരുമാനം കൊണ്ട് മാത്രം!

ഈ നഷ്ടം ഇത്രയും പ്രധാനപ്പെട്ടവർക്ക് നടന്നുവെങ്കിൽ പെരുന്നാൾ മുഖരിതമായ നമ്മുടെയൊക്കെ ജീവിതത്തിൽ എത്രയധികം നടക്കുവാൻ സാധ്യത!

ഏതൊരു ക്രിസ്ത്യാനിയുടെയും മോക്ഷയാത്രയിൽ ശ്രദ്ധിച്ചില്ലെങ്കിൽ സംഭവിച്ചു പോകാവുന്ന ഒരു വലിയ അപകടം!

യേശുവിനെ നഷ്ടപ്പെടുത്തി നാം എങ്ങോട്ട് പോകുന്നു? എല്ലാം നന്നായി പര്യവസാനിക്കുമ്പോഴും കഴിഞ്ഞതിലും നന്നായി തീരുമ്പോഴും കാതലായവൻ, വിലമതിക്കാനാവാത്തവൻ അതിലൊന്നിലും ഇല്ലെങ്കിൽ പിന്നെയെന്ത് ജീവിതം? ശുശ്രൂഷ, മിഷനറി പ്രവർത്തനം, അൾത്താര ശുശ്രൂഷ, ബൈബിൾ ക്ലാസുകൾ, ദൈവരാജ്യത്തിനായുള്ള ചോദ്യോത്തരം Online പോരാട്ടങ്ങൾ... ഒന്നും തെറ്റല്ല, ആവശ്യം തന്നെ. പക്ഷേ ഏറ്റവും ശരിയും അത്യാവശ്യമായതും മറന്നു കൊണ്ടാകരുത് അവയൊന്നും. നാം 'കാര്യങ്ങൾ 'Better' ആക്കുമ്പോൾ "THE BEST" നഷ്ടപ്പെടരുത്. പിന്നെയുള്ള യാത്രയൊക്കെ അർത്ഥരഹിതമാണ്.

മറിയവും യൗസേപ്പും നഷ്ടപ്പെടുത്തിയത് ഏറ്റവും വിലയുള്ളതിനെയായിരുന്നു. "നഷ്ടപ്പെട്ടു" എന്നത് തിരിച്ചറിഞ്ഞ വിനാഴിക! യേശു അവരുടെ കൂടെയില്ല എന്ന് തിരിച്ചറിഞ്ഞപ്പോൾ അവർ ചെയ്ത ഏറ്റവും പ്രധാനകാര്യം തുടങ്ങുന്നു

യാത്ര അവസാനിപ്പിച്ചു എന്നുകൂടാണ്. "യേശുവില്ലെങ്കിൽ പിന്നെയെന്ത് ലക്ഷ്യയാത്ര? ജീവിതം? തിരിച്ചറിവിൽ നിന്നും ഒരു തിരികെ പോക്ക്! യേശു നഷ്ടപ്പെട്ടു എന്ന തോന്നിയാൽ പിന്നെയും "ഊഹിച്ചു" ഒത്തിരി പോകരുത്. പോകുംതോറും യേശുവിൽ നിന്നുള്ള ദൂരം കൂടും.!
അപ്പോഴേക്കും അവർ ഒരു ദിവസത്തെ വഴി പിന്നിട്ടിരുന്നു. അറിഞ്ഞ ഉടൻ അന്വേഷണം തുടങ്ങിയിരുന്നുവെങ്കിൽ ഒരു ദിവസത്തെ വഴി പിന്നിടില്ലായിരുന്നു. യാത്ര നിറുത്തിയത് മടയത്തരമായി കൂടെ പോയവർക്ക് തോന്നിയിരിക്കാം. "പതിവുള്ള കാര്യമല്ലേ", ബാലൻ ഒന്നുകിൽ മുൻപേ, അല്ലെങ്കിൽ പിൻപേ... ഒരുദിവസം പിന്നിടട്ടല്ലേ, ഇനി പതിയെയാണെങ്കിലും മുമ്പോട്ട് പോകാം. ഇങ്ങനെയൊക്കെ പറഞ്ഞു കൊടുക്കുവാൻ ഒത്തിരി പേർ ഉണ്ടായിരിക്കാം. പക്ഷേ നഷ്ടം മനസ്സിലാക്കിയ അമ്മയപ്പൻമാർക്ക് ഒരു option മാത്രമേയുണ്ടായിരുന്നുള്ളൂ.
'മടങ്ങിപ്പോക്ക്' അതും 180° turning Return'.

വാസ്തവത്തിൽ ഇത് മടങ്ങിപ്പോക്കല്ല, മനസ്സിനാൽ യേശുവിൽ നിന്ന് പോയവർ തിരികെ യേശുവിലേക്ക് പോകുന്ന സ്വർഗീയ യാത്ര.'

വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഇത് ഭാഗത്ത് ശ്രദ്ധിക്കാതെ പോകരുത്. യേശുവിൽ നിന്നും ഉള്ള ദൂരം ഒരു ദിവസത്തെ വഴി ദൂരം, പക്ഷേ തിരികെ യേശുവിലേക്കുള്ള ദൂരം മൂന്നു ദിവസത്തെ വഴിദൂരം. മടങ്ങിപ്പോക്ക് വളരെ ആയാസകരമാണ്. എത്ര പ്രയാസകരമാണെങ്കിലും തിരികെപ്പോകാതെ വേറെ മാർഗ്ഗമില്ല. അജ്ഞതയൊക്കെ അത് മഹത്വപരമാണ്. നമുക്ക് യേശുവിനെ നഷ്ടപ്പെടുത്തുവാൻ വളരെപ്പെട്ടെന്ന് സാധ്യമാണ്.

പക്ഷേ തിരികെ യേശുവിലെത്തുവാൻ ദൂരം കൂടുതലാണ്. വ്യക്തി ബന്ധങ്ങൾ തകർക്കുവാൻ ഒരു വാക്ക് ...... മതിയാകും. എന്നാൽ പുനഃസ്ഥാപിക്കുവാൻ ആയിരം ...... വാക്കുകൾ കൊണ്ടും സാധ്യമാകാറില്ല. മടങ്ങിപ്പോക്ക് വിഷമകരമാണ്, പക്ഷേ മടങ്ങാതെ, വേറെ വഴിയും ഇല്ല.

നഷ്ടം സംഭവിച്ചു എന്നു തിരിച്ചറിയുമ്പോൾ അന്വേഷിച്ചു കണ്ടെത്തും വരെ യാത്ര തുടരണം. ഇത് നാം തിരിച്ചറിഞ്ഞാൽ, നമ്മുടെ പ്രസംഗങ്ങളിൽ, ശുശ്രൂഷയിൽ, ജീവിതത്തിലും ഒക്കെ തിരിച്ചുപോക്ക് നടത്താമായിരുന്നു. അധികം ചോദ്യങ്ങൾ ഒഴിവാക്കുവാൻ, യേശു ഉരുത്തപോലെ (അഭിനയിച്ചാൽ) നടന്നാൽ നഷ്ടം ...... നമുക്ക് മാത്രം!

നമ്മുടെ ആത്മീകമായ ജീവിതത്തിലായാലും ഔദ്യോഗിക ജീവിതത്തിലായാലും യേശുവിനെ നഷ്ടമാക്കി-യാൽ അത് തുടരരുത്. "ഞാൻ പ്രസംഗിക്കാതെയിരുന്നാൽ, എഴുതാതെയിരുന്നാൽ, Live-ആയി സോഷ്യൽ മീഡിയയിൽ നിറഞ്ഞു നിന്നില്ലെങ്കിൽ, ആളുകൾ എന്തു വിചാരിക്കും. നമ്മുടെ പ്രശസ്തിയെക്കാൾ വിലയുള്ളത് നമ്മുടെ നിഷ്കളങ്കതയാണ്. ...... വ്യാജമില്ലാത്ത ജീവിതമാണ്. നമ്മെക്കാൾ വിലയുള്ളതല്ല നമ്മുടെ പ്രവർത്തികൾ. നാം ആരാണ് എന്നതാണ് പ്രധാനം. അല്ലാതെ നാം എന്തു ചെയ്യുന്നുവെന്നല്ല.

...... നഷ്ടം മനസ്സിലാക്കിയ ഒരു യുവതിയുടെ കഥ ലൂക്കോസ് 15-ൽ വായിക്കുവാൻ സാധിക്കും. 'നഷ്ടപ്പെടുക' എന്നതിന് ഇല്ലാതെയാകുക എന്നതിനേക്കാൾ സ്ഥാനഭ്രംശം സംഭവിക്കുക, ഉപയോഗരഹിതമാകുക, അപകടത്തിലേക്ക് പോകുക, എന്നൊക്കെയാണ് കൂടുതൽ അർത്ഥം.

നഷ്ടപ്പെട്ടു എന്നു അവൾ മനസ്സിലാക്കിയപ്പോൾ വിളക്ക് തെളിയിച്ചു. വെളിച്ചത്തിന്റെ ഒരു പരിധി വരെയുള്ള നഷ്ടങ്ങൾ കണ്ടു പിടിക്കാം. എന്നാൽ ഹൃദയാന്തരാളത്തിലെ-

ഇരുട്ടുമുറിയിലെ, വലിയ മേശകൾ, അലമാരകൾ ഇവയുടെ അടിഭാഗത്തേക്കു കയറി അന്വേഷണം വ്യാപിപ്പിക്കണമെങ്കിൽ 'ചൂട്' ആവശ്യമാണ്. തെളിയിച്ച വെളിച്ചം "കാലിന് ദീപമായ വചന"മെന്ന് വ്യാഖ്യാനിക്കാമെങ്കിൽ, ചൂട് തെയ്യുടെ വിചാരിയാണ്.

ദൈവം തന്ന താലന്തുകൾ നഷ്ടപ്പെട്ടുപോയി എന്ന മനസ്സിലായാൽ പിന്നെ അന്വേഷണം അനിവാര്യമാണ്. ഇരുപത്തിയഞ്ചാം ലക്കം ഈ കൈയെഴുത്ത് മാസിക എത്തി എന്നത് വലിയ കാര്യമാണ്. അതിന് ദൈവത്തിന് നന്ദി കരേറ്റുന്നു. "പതിവായി" എഴുതുകയും വായിക്കുകയും ചെയ്തത് കൊണ്ട്, മേടയിൽ "അവസാന ലക്കത്തേക്കാൾ മെച്ചമാകുക" "എന്നൊരു നല്ല ചിന്തയും ഉണ്ടാകും." എന്നാൽ യേശുവിനെ നഷ്ടപ്പെടുത്തിയാവരുത് നമ്മുടെ യാത്ര.

മിഷനറി ചരിത്രം



# സമൂല സുവിശേഷ പ്രചാരകൻ

ഹഡ്സൺ ടെയ്‌ലർ

1832 - 1905

ജെയിംസ് ടെയ്‌ലറുടെയും അമീലിയ ടെയ്‌ലറുടെയും മകനായി 1832 മെയ് മാസം 21-ാം തിയതി ഹഡ്സൺ ടെയ്‌ലർ ജനിച്ചു. മെതഡിസ്റ്റുകാരായിരുന്ന മാതാപിതാക്കൾ കുഞ്ഞിനായി ധാരാളം പ്രാർത്ഥിക്കുകയും ചൈനയിലെ സുവിശേഷ പ്രവർത്തനത്തിനായി ദൈവത്തിന് സമർപ്പിക്കുകയും ചെയ്തു. നാളുകൾക്ക് ശേഷം കൗമാര പ്രായത്തിൽ തന്നെ വീണ്ടും ജനന സമയത്ത് തന്നെ നീണ്ട ആത്മീയ പ്രാർത്ഥനയിൽ വെളിപ്പെടുത്താനാവാത്ത വിസ്മയവും, പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും ഉണ്ടായി. അടുത്ത വർഷങ്ങളിൽ തന്നെ മിഷന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തുകയും, നിലവാര പെട്ട ചൈനീസ് ഭാഷ പഠിക്കുകയും ചെയ്തു. അതിന്റെ കൂടെ തന്നെ മരുന്നുകളുടെ അടിസ്ഥാന പാഠങ്ങളും വേദപുസ്തകത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുകയും പ്രാർത്ഥിക്കുകയും ചെയ്തു പോന്നു.

ഇംഗ്ലണ്ടുകാരുമായുള്ള ഒന്നാം ഓപ്പിയം യുദ്ധത്തിന് ശേഷം വിദേശികൾക്കുവേണ്ടി ചൈന വാതിൽ തുറന്നിരുന്നു. സമാധാന ഉടമ്പടിയിലെ അഞ്ചാമത്തെ കപ്പലിൽ താൻ ഷാങ്ഹായിൽ എത്തി. വളരെ വേഗത്തിൽ ടെയ്‌ലർ ഒരു സാഹസമായ തീരുമാനമെടുത്തു. ചൈനക്കാരുടെ വസ്ത്രധാരണം സ്വീകരിച്ചു. പിന്നിൽ തലമുടിയും താൻ വളർത്തി. [ചൈനയിലെ പുരുഷന്മാർ ചെയ്തിരുന്നതുപോലെ] ഇത് സഹകാരികൾക്ക് വിശ്വാസം വരാത്ത രീതിയായിരുന്നു.


China Inland Mission missionaries in Chinese dress (1891). Hudson Taylor is seated in the middle of the second row with full gray beard.

ടെയ്‌ലർ കണ്ട മറ്റു മിഷനറിമാരിൽ തനിക്ക് മതിപ്പ് തോന്നിയിരുന്നില്ല. കാരണം ഇംഗ്ലീഷു-

കാരായ ബിസിനസ്സുകാരുടെയും , നയതന്ത്രജ്ഞന്മാരുടെയും ദ്വിഭാഷികളായിട്ടായിരുന്നു അവർ അധികം പേരും സമയം ചിലവഴി-ച്ചിരുന്നത്. ഇക്കാരണത്താൽ ടെയ്ലർ ചൈനയുടെ ഉൾപ്രദേ-ശങ്ങളിൽ ക്രിസ്തു വിശ്വാസികളുണ്ടാകുന്നതിനായുള്ള പ്രവർത്തിയിൽ ഏർപ്പെട്ടു. അവിടെ എത്തി മാസങ്ങൾ കഴിഞ്ഞി-രുന്നെങ്കിലും പ്രാദേശിക ഭാഷ തനിക്ക് ഒരു വെല്ലുവിളിയായി-രുന്നു.

തന്നെ സഹായിച്ചുകൊണ്ടിരുന്ന ചൈനീസ് ഇവാൻ... ജെലിസേഷൻ സൊസൈറ്റി 1857-ൽ സഹായിക്കുന്നതിന് പ്രാപ്തരല്ല എന്നു അറിയിക്കുകയും ടെയ്ലർ അതിൽ നിന്നും രാജിവെച്ച് സ്വതന്ത്ര മിഷണറിയായി; തന്റെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റുവാൻ കഴിയുന്ന ദൈവത്തിൽ പൂർണ്ണമായും ആശ്രയിച്ചു. അതേ വർഷം തന്നെ മിഷണറി സ്ഥാനാപതിയുടെ മകളായ മരിയ ഡയറിനെ വിവാഹം കഴിക്കുകയും ചെയ്തു. താൻ തന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. നിംഗ്ബോയിലെ തന്റെ ചെറിയ സഭ 21 അംഗങ്ങളായി വർദ്ധിച്ചു. 1861-ൽ ഹെപ്പറ്റൈറ്റിസ് രോഗത്താൽ അതീവ ക്ഷീണിതനായതിനാൽ ഇംഗ്ലണ്ടിലേക്ക് പോകേണ്ടി വന്നു.

താൻ ഇംഗ്ലണ്ടിൽ ആയിരിക്കുമ്പോഴും ചൈനീസി-ലേക്കുള്ള ബൈബിൾ വിവർത്തനം ടെയ്ലർ അക്ഷീണം തുടർന്നു. [ചൈനയിൽ ആയിരിക്കുമ്പോൾ ഇത് ആരംഭിച്ചിരു-ന്നു.] പ്രസവശുശ്രൂഷയും താൻ പഠിച്ചു. ചൈനയെ കുറിച്ച് ചെറിയ താല്പര്യം ഉള്ളവരായ മിഷണറിമാരെ താൻ കണ്ടെത്തി. ഇംഗ്ലണ്ടിലെ സമ്പന്നമായ അറിവിനെ അറിവില്ലാതെ നശിക്കുന്ന ചൈനയിലെ ജനലക്ഷങ്ങൾക്കായി ഉപയോഗിക്കുക എന്നു താൻ എഴുതിയറിയിച്ചു.

ചൈനയിലെ ഉൾപ്രദേശങ്ങളിൽ സുവിശേഷീകരണത്തിനായി ഒരു പ്രത്യേക സംഘടന രൂപീകരിച്ച് 24 മിഷനറിമാരെ നിയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കി. രണ്ടു പേർ വീതമുള്ള പതിനൊന്ന് പേരെ താൻ മംഗോളിയയിലെ പ്രവിശ്യകളിലേക്ക് അയച്ചു. അത് തന്റെ വിപ്ലവകരമായ ദർശനമായിരുന്നു. അത് ചൈനയിലുള്ള മിഷനറിമാരിൽ 25% വർദ്ധനവുണ്ടാക്കി.

അപരിചിതമായ ഉൾപ്രദേശങ്ങളിലേക്ക് പുരുഷന്മാരും സ്ത്രീകളുമായ മിഷനറിമാരെ അയക്കുന്നതിൽ അധൈര്യം ഉണ്ടായിരുന്നുവെങ്കിലും അതേസമയം തന്നെ സുവിശേഷത്തിന്റെ പ്രത്യാശ ഇല്ലാത്ത ലക്ഷക്കണക്കിന് ചൈനക്കാരെ ഓർത്ത് വ്യാകുലപ്പെടുകയും ചെയ്തു.

1865-ൽ ടെയ്ലർ തന്റെ ഡയറിയിൽ എഴുതി "ഏതാനും മാസങ്ങൾക്കുള്ളിൽ തീവ്രമായ സംഘർഷം ഉണ്ടാകും. എന്റെ മാനസികനില നഷ്ടമാകും." തന്മൂലം ഇംഗ്ലണ്ടിലേക്ക് തന്റെ ഒരു സ്നേഹിതൻ അവധിക്കായി ക്ഷണിച്ചു. അവിടെ താൻ ഏകനായി കടലോരത്ത് നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ തന്റെ ആകുലത ഉയർന്നു.

'കർത്താവേ', എന്റെ അവിശ്വാസത്തിന്മേൽ എനിക്ക് വിജയം നൽകേണമേ. ദൈവമുമ്പിൽ അങ്ങയുടെ പ്രവർത്തിക്കായി എന്നെ സമർപ്പിക്കുന്നു. ഞാൻ ഒരു സേവകൻ എന്ന നിലയിൽ അങ്ങയെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നു എന്ന് പ്രാർത്ഥിച്ചു.

താൻ തന്റെ പുതിയ ദൗത്യത്തിന് ചൈന ഇൻലാൻഡ് മിഷൻ [CMI] എന്ന നാമകരണം ചെയ്തു. ഭാവിയിലേക്ക് ചില തീരുമാനങ്ങളും എടുത്തു. മിഷനറിമാർക്ക് കൃത്യമായ വേതനം ഉറപ്പ് നൽകാതിരിക്കുക. കാരണം

അവർ ദൈവത്തിൽ ശക്തമായി ആശ്രയിക്കുന്നവർ ആകണം. ആവശ്യങ്ങൾ നിറവേറ്റുന്ന ദൈവത്തിൽ അവർ പ്രത്യാശിക്കണം. ചൈനയുടെ ഉൾപ്രദേശങ്ങളിൽ എത്തിച്ചേരാത്ത ആവാഞ്ഞും അവർ ചൈനക്കാരുടെ വസ്ത്രധാരണം ഉപയോഗിക്കണം.

ഒരു വർഷത്തിനുള്ളിൽ വലിയ പ്രവർത്തിയുണ്ടായി. തന്റെ ഭാര്യയും നാലു കുഞ്ഞുങ്ങളും പതിനാറു യുവമിഷണറിമാരും തന്നോടൊപ്പം ഉണ്ടായിരുന്നു; അങ്ങനെ മിഷണറിമാരുമായി തന്റെ ദൗത്യദേശമായ ചൈനയിലേക്ക് യാത്രയായി.

<u>സംഘടനയിലെ സംഘർഷങ്ങൾ.</u>

ടെയ്ലർ മറ്റു ചില കടുത്ത തീരുമാനങ്ങൾ എടുത്തു. ഒരു ദിവസം 200 രോഗികളെ കാണുക. CMI-ലെ ചില മിഷനറിമാരെ നീക്കി. തന്റെ ദുഷ്ടഭരണം ആണെന്ന് നിരന്തരം ആരോപണം ഉന്നയിച്ച ലൂയിസ്-നിക്കോൾ എന്നിവരെ പുറത്താക്കി. മറ്റു പല മിഷണറിമാരും CMI വിട്ട് മറ്റു പല സംഘടനകളിൽ ചേരുകയും ചെയ്തു. എന്നാൽ 1876-ൽ 52 മിഷണറിമാരുമായി CMI ചൈനയിലെ അഞ്ചിൽ ഒന്ന് മിഷണറി സംഘടനയായി.

ചൈനയിലെ കൂടുതൽ ആൾക്കാരെ കണ്ടെത്തുന്നതിനായി ടെയ്ലർ ആത്യന്തിക തീരുമാനം എടുത്തു. ~~അവിവാഹി~~ അവിവാഹിതരായ യുവതികളെ ഉൾപ്രദേശങ്ങളിലേക്ക് അയച്ചു. ആ നീക്കം അനുഭവസമ്പന്നരായവരാൽ വിമർശനങ്ങൾക്ക് ഇടയാക്കി. എന്നാൽ ടെയ്ലർ ആ തീരുമാനത്തിൽ ഉറച്ചു നിന്നു. 1881-ൽ താൻ ദൈവത്തോട് 70-മിഷണറിമാരെ 1884-ലേക്ക് അപേക്ഷിച്ചു. 76 മിഷണറിമാരെ ലഭിച്ചു. 1886-ൽ ഒരു വർഷത്തിനുള്ളിൽ 100 മിഷണറിമാരെ ലഭിക്കേണ്ടതിന് പ്രാർത്ഥിച്ചു. 1887-ൽ നവംബറിൽ 102-വ്യക്തികളെ അതിനായി നിയോഗിച്ചു.

തന്റെ നേതൃത്വ രീതി ചൈനയിലെയും, ലണ്ടനിലെ-
യും കൗൺസിലേഴ്സിനെ അത്ഭുതപ്പെടുത്തി. ടെയ്‌ലർ
ഒരു ഏകാധിപതിയാണെന്ന് ലണ്ടനിൽ ഉള്ളവർ കരുതി.
എന്നാൽ താൻ തന്റെ ലക്ഷ്യത്തിലേക്കുള്ള അനുയോജ്യ
മായ മാർഗ്ഗത്തിലൂടെയാണ് എന്ന് അറിയിച്ചു. സ്നേഹനിധി-
കളായ സഹോദരി, സഹോദരൻമാർക്ക് താൻ കൂടുതൽ
ഉത്തരവാദിത്വത്തിനായി ഇങ്ങനെ എഴുതി. ക്രിസ്തുവിനു
വേണ്ടി ചൈനയെ നേടാതെ പിൻമാറില്ല. ക്രിസ്തുവിനെ
മുദ്രയാകുകയും ആത്മാക്കൾക്ക് പ്രാതിനിധ്യം നൽകുകയും
ജീവിത പ്രാരാബ്ധങ്ങൾക്ക് രണ്ടാം സ്ഥാനം നൽകുകയും
ചെയ്യുക.

ടെയ്‌ലർ കഠിനമായിത്തന്നെ പ്രയത്നിച്ചു. ചൈനയിലും
പുറത്തും. [ഇംഗ്ലണ്ട്, അമേരിക്ക, കാനഡ] ഇതെല്ലാം തന്നെ
വല്ലാതെ തളർത്തിയിരുന്നു. തന്റെ ക്ഷയിച്ച ആരോഗ്യവും



Hudson and Maria 1865

ആവർത്തിച്ചുള്ള വിഷാദവും 1900-ൽ
അതികഠിനമാകുകയും തന്നെ ശാരീരിക-
മായും മാനസികമായും തകർക്കുകയും
ചെയ്തു. തന്റെ സ്വകാര്യ പ്രശ്നങ്ങളായ
തന്റെ ഭാര്യയുടെ 33-മത്തെ
വയസിലെ മരണവും പത്ത് വയസ്സ്
എത്തുന്നതിനു മുമ്പ് നാലു മക്കളുടെ
മരണവും അദ്ദേഹത്തെ അലട്ടിയിരുന്നു.
[ടെയ്‌ലർ അവസാനമായി CMI മിഷനറിയായിരുന്ന ജെന്നിയെ
വിവാഹം കഴിച്ചിരുന്നു.]

തന്റെ ത്യാഗപൂർണ്ണമായതും പൂർണ്ണമായ
ദൈവാശ്രയവും അനേകായിരങ്ങളെ പ്രചോദിപ്പിക്കുകയും സുവി
ശേഷ ദൗത്യത്തിനായി ചൈനയുടെ ഉൾപ്രദേശങ്ങളിലേക്ക്
പോകുവാൻ തയ്യാറാകുകയും ചെയ്തു...



പാപം ചെയ്യുന്ന ദേഹി മരിക്കുമെന്നുള്ള ദൈവിക നീതിയും മനുഷ്യനെ വീണ്ടെടുക്കുവാൻ വേണ്ടി ഏകജാതനായ മകനെ തകർത്തുകളയുന്ന ദൈവത്തിന്റെ ആഴമേറിയ സ്നേഹവും സമന്യയിക്കുന്ന സംഗമസ്ഥാനം'**കാൽവറി ക്രൂശ്**'





# വീണ്ടെടുപ്പ്

ഷിബു ഡാനിയേൽ

നെടുവീർപ്പെട്ടു പടവുകൾ കയറുന്ന
ഭർത്താവിനെ നോക്കി ഭാര്യ ദേഷ്യത്തോടെ ചോദിച്ചു.,
"ഇന്നും പോയി അല്ലേ?" എന്തിനാ മനുഷ്യാ എന്നും
ഇങ്ങനെ, ഇറക്കി വിട്ടതല്ലേ, പിന്നെയും നാണമില്ലാതെ
പുറത്ത് പോയി നോക്കി നിൽക്കുന്നത്. എങ്ങാനം
കയറിയാലോ എന്നു വിചാരിച്ചു കാവലും ഏർപ്പെ-
ടുത്തിയിട്ടും നിങ്ങൾ പഠിച്ചില്ല അല്ലേ?...
എല്ലാ സന്ധ്യകളിലും ഇറങ്ങി വന്നുകൊണ്ടിരുന്നതല്ലേ
ഓർക്കുമ്പോൾ ഒരു വല്ലായ്മ... എല്ലാം നീ കാരണമാ
ഹവ്വാ... നീ കാരണമാ... എപ്പോഴും നമ്മളങ്ങനെ
ആണല്ലോ, സ്നേഹിക്കുന്നവരെ നാം തിരിച്ചറിയാതെ
പോകുന്നു. ഉപദേശങ്ങൾ തിരസ്കരിക്കുന്നു. പരിണിത
ഫലമോ ഭയാനകം തന്നെ.
...ആ...! ഞാനും ശ്രദ്ധിക്കേണ്ടതായിരുന്നു. എന്തു
ചെയ്യാം... മരിക്കുമെന്നു പറഞ്ഞപ്പോൾ ഇത്രയും
നിരീച്ചില്ല. ഇതിപ്പോ എത്ര ദിവസമായി... ഒന്നു കണ്ടാൽ
മതിയാരുന്നു... ആ സാന്നിധ്യം... വേറെ ഒന്നും വേണ്ടാ!
അടുക്കളയിലേക്കു കയറിയ ഭാര്യ എന്തൊക്കെയോ
പുലമ്പി കൊണ്ടാണ് പോകുന്നത്. ചെവി കൂർപ്പിച്ചപ്പോൾ
ദൈവത്തെത്തന്നെയാണ് പഴിക്കുന്നത്...
'എന്നാൽ ഒരുമൊന്നെങ്കിലും, വേറെ ഒന്നിന്റെ മുഖത്ത്
നോക്കാൻ ഒന്നു കൂടിയില്ല. ഒരു തെറ്റു ചെയ്തുപോയി.
മുഴുവനും സ്നേഹിമാനാന്നു പറഞ്ഞിട്ടിപ്പോൾ ഒന്നു
വന്നു കണ്ടു കൂടെ. വാരിയാ.. വാരി... സ്നേഹിമാ
ജീവൻ തരും എന്നൊക്കെ പറഞ്ഞിട്ടിപ്പോൾ
കുറെ ശാപവാക്കുകളും കൂടി തന്നിട്ടാ ഇറക്കിവിട്ടിരി-
ക്കുന്നത്. വേദനയോടെ പ്രസവിക്കുമെന്നോ.....

അതെ... അതിനിയും എന്തു കുന്ത്രാണ്ടമായിരിക്കും ...?
പിറു പിറത്തും പറയുകയും കരയുകയും ചെയ്തു കൊണ്ടിരുന്നു.

തോട്ടത്തിൽ നിന്നിറക്കി വിട്ടപ്പോൾ മുതൽ തുടങ്ങിയതാ... ഒന്നിനും ഒരു ഉൻമേഷവും ഇല്ല. എല്ലാം തന്നത്താൻ ചെയ്യണം. അഭിപ്രായം ചോദിക്കുവാൻ ആരുമില്ല. തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കുന്നില്ല. വലിയ ശൂന്യത... ചൂടിന് ആധിക്യം കൂടുകയും പെട്ടന്ന് തണുപ്പിലേക്ക് പോകുകയും... അദ്ധ്വാനത്തിനും ചായത്ത ക്ക പ്രതിഫലം ഭൂമി തരുന്നില്ല. സൃഷ്ടികൾക്കെല്ലാം ഒരു മരവിപ്പു ബാധിച്ചിരിക്കുന്നു.



നെടുവീർപ്പോടെ ചാരു കസേരയിലേക്കു ചാഞ്ഞു. അറിയാതെ ഓർമ്മകൾ ചിന്തകളെ കീഴടക്കി... ആദ്യമായി കാഴ്ച കണ്ടു തുടങ്ങിയ ദിവസം, അതായതു എൻെറ ഒന്നാമത്തെ ദിവസം.

പേടിപ്പെടുത്തുന്ന ഒരു ചിറകടി ശബ്ദം കേട്ടാണ് എന്നെ ചേർത്തി പിടിച്ചിരിക്കുന്ന കരങ്ങളിലേക്കും മുഖത്തേക്കും നോക്കുന്നത്. എൻെറ കണ്ണിലെ ആശങ്ക മനസിലാക്കി എന്നെ നോക്കി പുഞ്ചിരിച്ചു കൊണ്ടു എന്നോടല്ലാതെ പറയുന്നു 'എൻെറ മകൻെറ ഒന്നാമത്തെ ദിവസം'.

ഓരോ കാഴ്ചകളും എന്നെ പരിചയപ്പെടുത്തുമ്പോഴും ഉണ്ട് ആ കണ്ണുകളിലെ തിളക്കം. ആദ്യമായി കാണുന്ന എന്നെക്കാളും ആവേശത്തിലാണോ... പറവകൾ... ചെടികൾ... ഫലത്തോടുകൂടിയ വൃക്ഷങ്ങൾ... കാട്ടുമൃഗങ്ങൾ... മത്സ്യങ്ങൾ... അങ്ങനെയങ്ങനെ... എല്ലാം നല്ലതു തന്നെ.

എല്ലാം എനിക്കു പ്രയോജനപ്പെടും. കഴിഞ്ഞ ആറുദിവസ-
മായി പിതാവ് എനിക്കായി ഒരുക്കുകയായിരുന്ന സകലതും...

തൊട്ടരുകിൽ കടന്നു പോയ ഒരു ജന്തുവിനെ
അതിന്റെ പേരറിയുവാനായി ഞാൻ മുഖത്തേക്കു പ്രതീക്ഷ-
യോടെ നോക്കി... നേർത്ത പുഞ്ചിരി സമ്മാനിച്ചുകൊണ്ട്
പറഞ്ഞു, 'നീ എന്തു പേരിടുന്നുവോ ഞാനും അതു
തന്നെ വിളിക്കും.'

നല്ല ഭാവങ്ങളുമായി ചിരിച്ചു ഒഴുകുന്ന നദിയുടെ
സമീപത്തേക്കാണ് എന്നെ കൂട്ടിക്കൊണ്ടു പോകുന്നത്.
ചെറിയ കള കളാ ശബ്ദത്തോടെ ഒഴുകുന്ന
അരുവികൾ. പുനർനിർമ്മിക്കുന്നതിനു മുമ്പുള്ള വെളിച്ച-
ത്തിന്റെ നിശ്ശബ്ദതയിൽ... അതിനു മീതെയുള്ള ഇരുളിൽ.
ഗുഹകളുമായി ഇരുളിലായിരുന്ന പാഴും ശൂന്യവുമായ ഭൂമി,
അതിനെ പുനർനിർമ്മിച്ചപ്പോഴുണ്ടാകുന്ന സ്വസ്ഥത
അനുഭവിക്കുന്ന ദൈവം. "വർണ്ണനാതീത സന്തോഷത്തിന്റെ
നിമിഷങ്ങൾ. കൂട്ടായ്മയുടെ ആനന്ദം നിറഞ്ഞു നിൽക്കുന്ന
അന്തരീക്ഷം. മറ്റു യാതൊരു ജീവജാലത്തെക്കാളും
ഉപരിയായി മനുഷ്യനെ സ്നേഹിക്കുന്ന ദൈവം."



നദിക്കരയിലൂടെ നടന്നാണ്
ഞങ്ങൾ തോട്ടത്തിലേക്ക് പ്രവേശിച്ചത്.
"വേല ചെയ്യുക, സംരക്ഷിക്കുക." ഒരു ആജ്ഞ
പോലെ സ്വരമാണ് അപ്പോൾ ഞാൻ ശ്രവിച്ചത്.
താൻ വാസയോഗ്യവും പൂർണ്ണതയുള്ളതുമായി
സൃഷ്ടിച്ച ഓരോ സൃഷ്ടിയെക്കുറിച്ചും
സൃഷ്ടിതാവിന്റെ ആഗ്രഹം അതിനെ
നിലനിർത്തുക എന്നുള്ളതാണ്.

ഭൂമിയെയും അതിലെ ചരാചരങ്ങളെയും
നശിപ്പിക്കുന്നവർക്കു അന്യായമായി കടന്നുകയറി

നടക്കുന്നവർക്ക് പ്രകൃതിയെ നശിപ്പിക്കുന്നതിനെതിരെ പ്രതികരിക്കാതെ, സംരക്ഷിക്കാതെ ഇരിക്കുന്നവർക്ക്, ഭൂമിയിൽ കൃത്രിമം കാണിക്കുന്നവർക്ക്, എല്ലാവർക്കും ഉള്ള ഒരു താക്കീത് പോലെയാണ് ഞാൻ കേട്ടത്, 'വേല ചെയ്യുക സംരക്ഷിക്കുക' എന്നരുളിയത്.

മനുഷ്യന്റെ ഏകാന്തതയ്ക്കു പരിഹാരം തേടി സകല സൃഷ്ടികളുടെയും നടുവിലൂടെ നടന്നു നീങ്ങി... ഇല്ല... തന്റെ സൃഷ്ടിയിൽ മനുഷ്യനോളം വരുന്നതു വേറൊന്നില്ല... അവനു തക്ക തുണയായിരിക്കുവാൻ മറ്റൊരു സൃഷ്ടിക്കും സാധ്യമല്ല...

ഏതൊന്നു പുതുതായി ജനിക്കുമ്പോ / ഉണ്ടാകുമ്പോ അതിനു പിന്നിൽ നിസ്വാർത്ഥമായ ത്യാഗം ഉണ്ടായിരിക്കുന്നതുപോലെ, ഞാനും പ്രസവ വേദന അനുഭവിച്ചുവോ!.

കൂടെ പാർക്കേണ്ടതിനു, സകലത്തിനും പങ്കാളിയാകേണ്ടതിനു വേണ്ടി, സുഖവും ദുഃഖവും അനുഭവവും ഭാരവും അനുഭവിക്കുവാൻ എന്നിൽ നിന്നു തന്നെ ഒരു പങ്കാളി. എന്റെ ദീർഘ നിശ്വാസവും പെട്ടെന്നുള്ള പ്രതികരണവും പിതാവിലും സംതൃപ്തിയെ കൊണ്ടു വന്നു. "അസ്ഥിയിൽ നിന്നു അസ്ഥി, മാംസത്തിൽ നിന്നു മാംസം"... വിട്ടു ചിരിച്ചു, ചിരിച്ചേരുതോ...

സ്വകാര്യതയിലേക്കു ഞങ്ങളെ വിട്ടു മടങ്ങുമ്പോൾ സകല സന്ധ്യകളിലും പതിവു പോലെയുള്ള ഓർമ്മപ്പെടുത്തൽ.

എന്തൊക്കെ കാര്യങ്ങളാണ് അന്നു പറഞ്ഞു കൊണ്ടിരുന്നത്. ഒത്തിരി സംസാരിക്കും. ഞാൻ പറയാൻ തുടങ്ങിയാൽ ശ്രദ്ധയോടെ കേട്ടു നിൽക്കും.

അപകടം നടക്കുന്നതിന്റെ തലേ സന്യാസമഠത്തി-
ലും കയറിപ്പോകുന്നതിനു മുൻപേയും ഓർമ്മിപ്പിച്ചതാ...
പതിവില്ലാത്തതു പോലെ ആർദ്രമായിരുന്നു സ്വരം...
മകനെ തോട്ടത്തിന്റെ നടുവിലെ വൃക്ഷം...ബാക്കിയെല്ലാം
നിനക്ക് ഭക്ഷിക്കാം... എന്നാൽ നന്മ തിന്മകളെ
കുറിച്ചുള്ള അറിവിന്റെ ഫലം... അവസാന വാചകം
പറയുമ്പോൾ ശബ്ദം ഇടറിയോ, കണ്ണിൽ നനവു
പടർന്നതു പോലെ... ഒന്നും കാര്യമാക്കിയില്ല... പതിവു
പോലെ പറഞ്ഞതാണെന്നു വിചാരിച്ചു.

കുറെയേറെ സംസാരിച്ചു. പല പ്രാവശ്യം
ഉപദേശം. സ്നേഹത്തിൽ കലർന്ന ശാസന... ചേർന്നു
നടക്കുമ്പോൾ എന്തൊരു ആശ്വാസമാ... എല്ലാ ദിവസത്തേ
ക്കാളും കൂടുതൽ സമയം ചിലവഴിച്ചോ... എനിക്കായിരു
ന്നു ധൃതി... നാരി തനിച്ചേ ഉള്ളൂ എന്നുള്ള ഓർമ്മ
പലപ്പോഴും ചിന്തകളെ ദൈവസന്നിധിയിൽ നിന്നെന്നെ -
അകറ്റി...
ഒന്നുമറിയില്ല... താഴ്ച ഭവിച്ചു പോയി... വീണു പോയി.
ഓർമ്മകൾ എന്നെ ചെറിയ ഒരു മയക്കത്തിലേക്കാണ്
കൊണ്ടെത്തിച്ചത്. ചെറിയ മയക്കം ഗാഢനിദ്രയിലേക്കാണോ

ഭയാനകമായ ശബ്ദങ്ങൾ... കൂരിരുട്ട് വ്യാപിക്കുന്നു.
ചുറ്റിലും ഭീതിജനകമായ കാഴ്ചകൾ... ഭൂമി കുലുങ്ങി
ഇല്ലാതെയാകുകയാണോ... പാറകൾ പിളർന്നു മാറുന്നു.
സകലതും കാഴ്ചയ്ക്കു മറഞ്ഞു പോകുന്നു. വലിയ
ആരവാരങ്ങൾ, അതിന്റെ നടുവിൽ കേട്ടു പരിചിതമായ
ഒരു ശബ്ദം... ഒരു കരച്ചിലിന്റെ ശബ്ദം. ഏദൻ തോട്ട-
ത്തിൽ [illegible] തുടങ്ങി എന്നെ പിന്തുടർന്ന സ്വരം...

ഒരിക്കൽ പോലും ആ ശബ്ദത്തിന് ചെവികൊടുക്കുവാൻ
തോന്നിയിട്ടില്ല. വളരെ നേർത്തതും ശാന്തവുമായിരുന്നു
എന്നെ ഇന്ന് കാലമത്രയും പിന്തുടർന്ന സ്വരം... എന്നാൽ
ഇപ്പോൾ ചങ്കു പൊട്ടി അലറിക്കരയുന്ന ഒച്ച... ഞാൻ
ചെവി വട്ടം പിടിച്ചു... "ഏലി, ഏലി, ലമ്മാ... ശബക്താനി..."
കണ്ണുകൾ തിരുമ്മി ഞാൻ നോക്കി... ദൂരത്തിന്റെ
മധ്യ രണ്ടു മരക്കഷണങ്ങൾ നെടുകയും കുറുകെ-
യും ചേർത്തു വച്ചു കെട്ടിയിരിക്കുന്നു. അതെ,
അതിൽ നിന്നു തന്നെയാണ് ശബ്ദം പുറത്തേ
ക്കു പ്രവഹിക്കുന്നത്. മരക്കഷണത്തിൽ നിന്നു
മനുഷ്യ ശബ്ദമോ... ദൂരത്തായിരുന്ന ഞാൻ
അതിവേഗത്തിൽ പാഞ്ഞു ചെന്നു. അടുക്കുന്തോറും
കണ്ണിനു അരോചകമാകുന്ന തരത്തിലുള്ള ഒരു
മാംസ പിണ്ഡം. ചോര ഒലിച്ചിറങ്ങുന്നു. ഹോ!
എന്ത് ഭയാനകം... ഇത്ര വിചിത്രമായതൊന്നു
മുൻപ് കണ്ടിട്ടേയില്ല... കണ്ണു മറച്ചുകളയത്തക്കവണ്ണം
നിന്ദിതമായ ഒരു രൂപം... വേദനകൊണ്ടു പുളയുന്നു... അതെ,
ജീവനുള്ള ഒരു മനുഷ്യരൂപം... രൂപം... വിരൂപമെന്നു
പറയുന്നതാവും ശരി.
എന്നെ നോക്കി ഒരു മന്ദഹാസം ഉണ്ടോ ആ ചുണ്ടുകളിൽ.
വേദനക്കിടയിലൂടെയുള്ള കണ്ണുകളിലെ തിളക്കം കണ്ടിട്
എന്നെ പ്രതീക്ഷിച്ചു നിന്നതുപോലെ... അവസാനത്തെ
ശ്വാസം എടുക്കുന്നതിനു മുൻപേ, എന്തോ ഒന്നുകൂടി പറഞ്ഞു.
ഞാൻ വ്യക്തമായി കേട്ടു... അതെ ഞാൻ തിരിച്ചറിഞ്ഞു.
എല്ലാ സന്ധ്യകളിലും എന്നെ കൈപിടിച്ചു നടത്തിയവൻ.
എങ്ങനെ ഇവിടെ? എനിക്ക് അത്ഭുതമായി. എന്റെ
പുറകിലായിരുന്നല്ലോ ഇന്ന് കാലമത്രയും... ഒരിക്കലും
ഞാൻ തിരിഞ്ഞു നടക്കില്ല എന്നു അറിഞ്ഞു യുഗങ്ങളുടെ

അധിപൻ മുൻപിൽ കയറി നിൽക്കുന്നു... അവസാനമായി എന്നെ നോക്കി മിഴികൾ പൂട്ടുമ്പോൾ വീണ്ടും എന്തോ പറയുന്നതു പോലെ, ഒരായിരം കാര്യങ്ങൾ പറഞ്ഞു തീർത്ത-തു പോലെ, ശാന്തമായി, ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു... സ്വന്തം തോളിലേക്കു ശിരസു ചായ്ച്ചു...

പാപം ചെയ്യുന്ന ദേഹി മരിക്കുമെന്നുള്ള ദൈവിക നീതിയും മനുഷ്യനെ വീണ്ടെടുക്കുവാൻ വേണ്ടി ഏകജാത-നായ മകനെ തകർത്തു കളയുന്ന ദൈവത്തിന്റെ ആഴമേറിയ സ്നേഹവും സമന്വയിക്കുന്ന സംഗമ സ്ഥാനം "കാൽവരി ക്രൂശ്".

എന്നെ സമ്പന്നനാക്കുവാൻ വേണ്ടി സ്വയം ദാരിദ്ര്യം തിരഞ്ഞെടുത്തു. എന്നെ ജീവിപ്പിക്കുവാൻ സ്വയം മരണത്തിനു പ്രാണനെ ഒഴുക്കിക്കളഞ്ഞു...

'സ്ത്രീയുടെ സന്തതി അവന്റെ തലയെ തകർത്തു.'

'സ്ത്രീയുടെ സന്തതി പാമ്പിന്റെ തലയെ തകർത്തു.'

'സ്ത്രീയുടെ സന്തതി പിശാചിന്റെ തലയെ തകർത്തു.'

വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെച്ചിട്ടു ക്രൂശിൽ അവരുടെ മേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായി കാഴ്ചയാക്കി...





# പഴയ പാട്ടുകൾ

കൊച്ചുകുഞ്ഞു ഉപദേശി

പല്ലവി

സർവ്വവും സൃഷ്ടിച്ച കർത്താവേ നിൻ
ഭൂവിലെ വാസത്തെ ഓർക്കുന്നു ഞാൻ

ചരണങ്ങൾ

ദരിദ്രനായി തീർന്നഹോ നിൻ കൃപയിൽ
തിരിച്ചുവരുത്തുവാനായി മർത്യരെ
പെരുത്ത ദുഃഖം നിനക്കുണ്ടു വന്നു
ഞങ്ങൾക്കുവേണ്ടവയി അനുഭവിച്ചു

പാപത്താൽ ദൈവത്തിൻ വൈരികളായി
ശാപത്തിലകപ്പെട്ടു മനുജർക്കായി
പാപത്തിൻ ഭാരങ്ങളേകിടുവാൻ
ദാസന്റെ രൂപത്തെ എടുത്തതു നീ

മരണത്തെ രുചിച്ചു നീ ക്രൂശിലെന്റെ
നരകത്തിൻ ദുരിതങ്ങൾ നീക്കിടുവാൻ
കരുണയിൻ വൻനദി യേശുപരാ
കരയിച്ചു പാപിയിൻ ദുരിതം നിന്നെ

നിൻ മഹാ സ്നേഹം ഞാനോർത്തിടാതെ
അന്ധനായി പാപത്തിൽ ജീവിച്ചല്ലോ
സ്നേഹിതരുടെ ഉത്തമനരികിൽ വന്നു
പാപത്തെ നീക്കിത്തൻ മാർവിലാക്കി

ആടുകൾക്കിടയനാമേശുവേ നീ
അടിയനെ ദിനം തോറും നടത്തണമേ

പച്ചമേച്ചിൽ സ്ഥലമെനിക്കു നല്കി-
ട്ടൻപമായി ദിനംതോറും നടത്തണമേ

മരണത്തോളം നിന്നിൽ വിശ്വസ്തനായി
പാർക്കുവാനെന്നെ നീ കാക്കണമേ
തിരുമേനിയെഴുന്നള്ളി വെളിപ്പെടുമ്പോ-
ളരികിലീ അടിയനും കാണണമേ.



# ചോദ്യാവലി

i. ദൈവത്തിന്റെ നിയമപെട്ടകം നിമിത്തം അനുഗ്രഹിക്കപ്പെട്ട ഭവനം ?

ii. യെഹോശാഫാത്തിനു ധനവും മാനവും കൂടിയപ്പോൾ അവൻ ആരുമായിട്ടാണ് സംബന്ധം കൂടിയത്?

iii. എന്റെ കണ്ണു ആഗ്രഹിച്ചതൊന്നും ഞാൻ അതിനു നിഷേധിച്ചില്ല, എന്നു ഏറ്റു പറഞ്ഞ യിസ്രായേലിന്റെ രാജാവ് ആര്?


ഉത്തരങ്ങൾ അയക്കേണ്ട വിലാസം
agape.magasine@gmail.com or whats app number 0097 50 3243161

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i. റോമ ലേഖനം എഴുതിയതാര്?
ഉത്തരം. തെർത്തോസ്. [റോമർ 16:22]

ii. മത്തായി എഴുതിയ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെട്ടിരിക്കുന്ന മൂന്നു സ്ത്രീകൾ ആരെല്ലാം?
ഉത്തരം. a. താമാർ, b. രൂത്ത്, c. ഊരിയാവിന്റെ ഭാര്യ [ബത്ശേബ]

iii. "ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം." യേശുകർത്താവിന്റെ ഈ പ്രസ്താവന ആരുമായുള്ള കൂടികാഴ്ചയിലാണ് സംഭവിച്ചത്?
ഉത്തരം. ശമര്യസ്ത്രീ. [യോഹന്നാൻ 4:24]




*follow us:*

+971 50 3243161 Gmail agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com